## സാംസ്ക്കാരിക പരിപാടികൾ

5 (1198) ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാരാഘവൻ :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിനെ വരവേൽക്കാൻവേണ്ടി സാംസ്ക്കാരിക പരിപാടികൾ ആസൂത്രണം ചെയ്തിരുന്നോ എന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഓരോ ജില്ലയ്ക്കും സാംസ്ക്കാരിക പരിപാടികൾ നടത്താൻ എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പുതുസഹസ്രാബ്ദത്തെ വരവേൽക്കുന്നതിനും കലാസാംസ്ക്കാരിക രംഗങ്ങളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിന് ഉദ്ദേശിച്ചും സർക്കാർ മാനവീയം സാംസ്ക്കാരിക മിഷൻ എന്ന പദ്ധതിക്ക് രൂപം നൽകി. ഇതിനോടനുബന്ധിച്ച് വിശ്വപ്രസിദ്ധരായ പല കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലുമായി അമ്പതിലേറെ സ്റ്റേജുകളിൽ പരിപാടികൾ അവതരിപ്പിച്ചു. ശ്രീ. എം.എഫ്. ഹുസൈന്റെ നേതൃത്വത്തിൽ കേരളത്തിലെ 150 ഓളം ചിത്രകാരന്മാർ 150 മീറ്റർ ദൈർഘ്യമുള്ള ക്യാൻവാസിൽ ചിത്രരചന നടത്തി. കർണ്ണാടകസംഗീത കച്ചേരി, ഹിന്ദുസ്ഥാനി സംഗീത കച്ചേരി, സിത്താർ കച്ചേരി, സരോദ് കച്ചേരി, ഡാൻസ്, നാടകം, നൃത്തശില്പം, കഥകളി, മാജിക് താളവാദ്യജുഗൽബന്ദി മുതലായ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഓരോ ജില്ലയിലും ജില്ലാകളക്ടറുടേയും ജില്ലാ പഞ്ചായത്തുപ്രസിഡന്റിന്റെയും മേൽനോട്ടചുമതലയുള്ള ജനകീയ കമ്മിറ്റികൾ രൂപീകരിച്ചാണ് പ്രവർത്തനം നടത്തിവരുന്നത്. ഓരോ ജില്ലയിലും പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ പ്രാരംഭചെലവുകൾക്കും മറ്റുമായി ഓരോ ലക്ഷം രൂപ വീതം നല്കിയിട്ടുണ്ട്. സംസ്ഥാനകേന്ദ്രം ആവിഷ്കരിച്ച് ജില്ലകളിലേക്ക് അയച്ച കലാസംഘങ്ങളുടെചെലവ് മാനവീയം മിഷനാണ് വഹിച്ചത്.

## മാനവീയം പരിപാടികളുമായി ബന്ധപ്പെട്ട് നടന്ന നിർമ്മാണപ്രവർത്തനങ്ങൾ

6 (1199) ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം സാംസ്ക്കാരിക പരിപാടികളുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രധാന നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) എടുത്ത് പറയത്തക്കവിധത്തിൽ നടന്നിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങളെയും സേവനങ്ങളെയും അവ നടത്തിയിട്ടുള്ള സംഘടനകളെയും സ്ഥാപനങ്ങളെയും അവരുടെ പ്രധാനപ്രവർത്തനങ്ങളെയും കുറിച്ച് വ്യക്തമാക്കുമോ ;

(സി) ഈ പ്രവർത്തനങ്ങൾക്ക് ഉദ്ദേശ്യം എന്തു തുക ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;



LIBRARY ARCHIVES Kerala Legislative Assembly